എസ്.സി.ഇ.ആർ.റ്റി.-യുടെ പ്രവർത്തന ലക്ഷ്യങ്ങൾ

87 (1397) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി.ഇ.ആർ.റ്റി. യുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; ഈ ലക്ഷ്യങ്ങൾ നേടുന്നതിനായി എസ്.സി.ഇ.ആർ.റ്റി. ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) പ്രവർത്തന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ എസ്.സി.ഇ.ആർ.റ്റി. എത്രമാത്രം വിജയിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) എസ്.സി.ഇ.ആർ.റ്റി. യുടെ കീഴിലുള്ള ഓപ്പൺ സ്കൂൾ പദ്ധതിയുടെ പ്രവർത്തനം പുനഃസംവിധാനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഡി) എസ്.സി.ഇ.ആർ.റ്റി. യിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട് ; റിട്ടയർമെന്റിന് ശേഷം കാലാവധി നീട്ടിക്കൊടുത്ത് തുടരുന്നവർ എത്ര ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എസ്.സി.ഇ.ആർ.റ്റി. യിൽ എത്ര ആളുകളെ പുതുതായി നിയമിച്ചു ; അവരിൽ നേരിട്ടുള്ള നിയമനം എത്ര ; ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര ?

ഉത്തരം

(എ) സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ പരിവർത്തനങ്ങൾ ഉണ്ടാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നതാണ് എസ്. സി. ഇ. ആർ. റ്റി. യുടെ പ്രഥമ കർത്തവ്യം. ഇത് കൂടാതെ സ്കൂൾ തലത്തിലെ പാഠ്യപദ്ധതി പരിഷ്ക്കരണം, പാഠപുസ്തക നിർമ്മാണം അദ്ധ്യാപക പരിശീലനങ്ങൾക്കുള്ള നേതൃത്വ പരിശീലനം, സ്കൂൾ വിദ്യാഭ്യാസ തലത്തിലെ ഗവേഷണം എന്നിവയും പ്രധാന ലക്ഷ്യങ്ങളാണ്.

ഈ ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടി എസ്. സി. ഇ. ആർ. റ്റി. ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ഘട്ടം ഘട്ടമായുള്ള പാഠ്യപദ്ധതി പരിഷ്ക്കരണവും, പാഠപുസ്തക നിർമ്മാണവും.
2. പാഠ പുസ്തകങ്ങൾ പരിഷ്ക്കരിക്കുന്നതിന് അനുസരിച്ചുള്ള അദ്ധ്യാപക പരിശീലനം.

LIBRARY ARCHIVES Kerala Legislative Assembly

3. വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ ഗവേഷണ സ്വഭാവത്തോടെ വിശകലനം ചെയ്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനുവേണ്ടിയുള്ള ഗവേഷണ പഠനങ്ങൾ.

(ബി) വിലയിരുത്തിയിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ 1999-ൽ ആരംഭിച്ചത് മുതൽ ഓരോ അദ്ധ്യയനവർഷവും അനേകായിരം വിദ്യാർത്ഥികൾ ഓപ്പൺ സ്കൂൾ വഴി ഹയർ സെക്കണ്ടറി കോഴ്സിന് രജിസ്റ്റർ ചെയ്യുകയും പഠനം പൂർത്തിയാക്കുകയും ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ നിലവിൽ ഹയർ സെക്കണ്ടറി കോഴ്സ് മാത്രമേയുള്ളൂ. ഔപചാരിക വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭിക്കാത്ത സമൂഹത്തിലെ ഒരു വിഭാഗം വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിനുവേണ്ടിയും വിദ്യാഭ്യാസ മേഖലയിൽ സംഭവിച്ചുക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസൃതമായി, വിദ്യാർത്ഥികളുടെ അഭിരുചിയും തൊഴിൽ സാദ്ധ്യതയും കണക്കിലെടുത്തും ഓപ്പൺ സ്കൂളിൽ പുതിയ ചില കോഴ്സുകൾ ആരംഭിക്കുവാൻ തീരുമാനമെടുക്കുകയും അവയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്.

(ഡി) 108 പേർ. റിട്ടയർമെന്റിന് ശേഷം ആർക്കും കാലാവധി നീട്ടിക്കൊടുത്ത് തുടരാൻ അനുവദിച്ചിട്ടില്ല. എന്നാൽ സ്ഥാപനത്തിലെ അദ്ധ്യാപക വിഭാഗത്തിൽ റിട്ടയർമെന്റ് ഒഴിവുകളിൽ ചിലത് നികത്താതെ കിടക്കുന്നതുമൂലം ഈ വർഷം 4,5,10 എന്നീ ക്ലാസ്സുകളിലെ പാഠപുസ്തക നവീകരണജോലി സുഗമമാക്കുവാൻ വേണ്ടി റിട്ടയർ ചെയ്ത അദ്ധ്യാപകരുടെ സേവനം ഒരു വർഷത്തെ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നേരിട്ടുള്ള നിയമനം വഴി ആരെയും നിയമിച്ചിട്ടില്ല. എന്നാൽ ദിവസക്കൂലി വ്യവസ്ഥയിലും കോൺട്രാക്റ്റ് അടിസ്ഥാനത്തിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും നിയമിച്ചിട്ടുണ്ട്.

(എ) ദിവസ വേതന അടിസ്ഥാനത്തിൽ ജോലിക്ക് നിയോഗിപ്പെട്ടവർ - 25

(ബി) കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ജോലിക്ക് നിയോഗിപ്പെട്ടവർ - 7

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർ- 9.

LIBRARY ARCHIVES Kerala Legislative Assembly